പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.371
26.04.2017 ൽ മറുപടി നൽകേണ്ടത്

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

**ചോദ്യം**
ശ്രീ. എം സ്വരാജ്

**ഉത്തരം**
ഡോ.ടി.എം തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ക്ഷേമ പെൻഷനുകൾ എത്ര മാസം കുടിശ്ശികയുണ്ടായിരുന്നു എന്ന് തരം തിരിച്ച് അറിയിക്കുമോ? | ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യപ്പെടാതെ വാർദ്ധക്യകാല പെൻഷൻ ,വിധവ പെൻഷൻ , വികലാംഗപെൻഷൻ , 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നിവ കുടിശ്ശികയുണ്ടായിരുന്നു. കർഷക തൊഴിലാളി പെൻഷൻ 2014 ഡിസംബർ മാസത്തെ തുക കുടിശ്ശികയായിട്ടുണ്ടായിരുന്നു. 2015 ഫെബ്രുവരി മുതലുള്ള തുക ഗുണഭോക്താക്കൾക്ക് ഡി ബി റ്റി സംവിധാനത്തിൽ വിതരണം ചെയ്തു വരുകയായിരുന്നു. ഡി ബി റ്റി സംവിധാനത്തിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തത് മൂലവും തെറ്റായ രേഖപ്പെടുത്തലുകൾ ,ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ എന്നീ കാരണങ്ങളാൽ വിതരണം ചെയ്ത തുക ലഭിക്കാതെ വന്നത് മൂലവും കുടിശ്ശിക ഉണ്ടായിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ 1389.58 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ എത്ര മാസത്തെ ക്ഷേമ പെൻഷനുകൾ വിതരണം നടത്തി എന്ന് അറിയിക്കുമോ | 2014 നവംബർ മുതലുള്ള കുടിശ്ശികയും 2016 ജൂൺ മുതൽ 2017 മാർച്ച് വരെ 10 മാസത്തെ പെൻഷനും ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇതിലേക്കായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ? | ഈ സർക്കാർ അധികാരമേറ്റ ശേഷം 4628 കോടി രൂപ ഇതിലേക്കായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ